**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 249** **15-02-2024 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വവും മാലിന്യ സംസ്കരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് കുപ്പികൾ, ക്യാരി ബാഗുകൾ, ഭക്ഷണാവശിഷ്ടങ്ങൾ എന്നിവ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നത് മാലിന്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഡി.റ്റി.പി.സി.കൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർ സംസ്ഥാന ശുചിത്വ മിഷനുമായി ചേർന്ന് ഗ്യാപ്പ്അസ്സസ്സ്മെന്റ് നടത്തുകയും കണ്ടെത്തിയ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (ബി) | വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, ഇൻസിനറേറ്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഉറവിട മാലിന്യ നിർമാർജ്ജനമാണ് വകുപ്പ് പ്രധാനമായും ചെയ്യുന്നത്. ഇതിനായി കുടുംബശ്രീ പോലുള്ള സംവിധാനങ്ങളുമായി ചേർന്ന് പ്രവർത്തിയ്ക്കുന്നു. കായൽ ടൂറിസം നേരിടുന്ന മാലിന്യ പ്രശ്നത്തിന് പരിഹാരമായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ആലപ്പുഴ വട്ടക്കായലിൽ പുതിയ STP സ്ഥാപിയ്ക്കാനുള്ള നടപടികൾ പുരോഗമിയ്ക്കുന്നു. |
| (സി) | വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി മാലിന്യ സംസ്കരണവും ശുചിത്വവും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (സി) | വിനോദസഞ്ചാര കേന്ദ്രങ്ങളെ ശുചിത്വമുള്ളതും ആരോഗ്യകരവുമായി നിലനിർത്തിക്കൊണ്ട് അവയുടെ നിലവാരം ഉയർത്തിക്കൊണ്ടു വരുന്നതിനായി വിനോദസഞ്ചാര വകുപ്പ് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. **ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ**<br><br>വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പ് വരുത്തുന്നതിനും, ആരോഗ്യകരമായി നിലനിർത്തി അവയുടെ ഗുണനിലവാരം ഉയർത്തിക്കൊണ്ട് വരുന്നതിനുമായി കുടുംബശ്രീയുടെ സഹകരണത്തോടെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ മുഖേന വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "ക്ലീൻ |

| | | | |
|---|---|---|---|
| | | | ഡെസ്റ്റിനേഷൻ ക്യാംമ്പയിൻ”. 14 ജില്ലകളിലായി നടപ്പിലാക്കി വരുന്ന പദ്ധതിയിൽ 645 കുടുംബശ്രീ ജീവനക്കാർ പ്രവർത്തിച്ചു വരുന്നു. ഇതിനായി വകുപ്പിൽ നിന്നും തുകയും അനുവദിച്ചു വരുന്നുണ്ട്.<br><br>2. **<u>കോവളം ഡെസ്റ്റിനേഷനിലെ മാലിന്യസംസ്കരണം</u>**<br><br>കോവളം ടൂറിസം കേന്ദ്രത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി കോവളം ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് പദ്ധതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>3. **<u>ഇടുക്കി ജില്ലയിലെ 14 ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണം</u>**<br><br>ഇടുക്കി ജില്ലയിൽ ഉൾപ്പെട്ട പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ മൂന്നാർ, മാട്ടുപ്പെട്ടി, മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ, രാമക്കൽ മേട് (ആമപ്പാറ), രാമക്കൽ മേട് പാർക്ക്, പരുന്തുപാറ, പാഞ്ചാലി മേട് , വളഞ്ഞങ്ങാനം, ഇടുക്കി പാർക്ക്, ഹിൽവ്യൂ പാർക്ക്- ഇടുക്കി, വാഗമൺ (മൊട്ടക്കുന്ന്), വാഗമൺ (അഡ്വഞ്ചർ പാർക്ക്) തൊമ്മൻ കുത്ത്, അരുവിക്കുഴി എന്നീ ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണം നടത്തുന്നതിനായി 'സേവ് ഗ്രീൻ സേവ് ടൂറിസം' എന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.<br><br>4. **<u>നിലവാരമുള്ള ടോയ്‌ലറ്റ്</u>**<br><br>കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ നിലവാരമുള്ള ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ് ബീച്ച് എന്നിവിടങ്ങളിൽ പൂർത്തിയായി. വർക്കലയിൽ പദ്ധതി പൂർത്തീകരിച്ച ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ